പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2413 **27-10-2026-ൽ മറുപടിയ്ക്ക്**

നെറ്റ് മീറ്റർ ലഭ്യത കുറവ് പരിഹരിക്കാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

മറുപടി നൽകിയ മന്ത്രി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) സോളാർ പ്ലാന്റുകളിൽ നിന്നുമുള്ള വൈദ്യുതി ഗ്രിഡിലേക്ക് നൽകാൻ ഉപയുക്തമായ സിംഗിൾ ഫേസ്, ത്രീ ഫേസ് നെറ്റ് മീറ്ററുകൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

മറുപടി: പുരപ്പുറ സോളാർ നിലയങ്ങൾക്കുള്ള നെറ്റ് മീറ്ററിൽ, 82000 സിംഗിൾ ഫേസ് നെറ്റ് മീറ്ററുകൾക്കും, 21000 ത്രീ ഫേസ് നെറ്റ് മീറ്ററുകൾക്കും ഓർഡർ നൽകിയിട്ടുണ്ട്.

ആയതിൽ 28700 സിംഗിൾ ഫേസ് നെറ്റ് മീറ്ററുകൾ വിതരണത്തിനായി കെ.എസ്.ഇ.ബി-യുടെ വിവിധ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ എത്തിച്ചിട്ടുണ്ട്. ഉടൻ തന്നെ 15000 സിംഗിൾ ഫേസ് മീറ്ററുകൾക്കു വിതരണത്തിനുള്ള അനുവാദം നൽകുന്നതാണ്. ഇത് നവംബർ മാസം സെക്ഷൻ ഓഫീസുകളിൽ എത്തിച്ചേരുന്നതാണ്. ബാക്കിയുള്ള 38300 സിംഗിൾ ഫേസ് മീറ്ററുകൾ നവംബർ മാസം അവസാനത്തോടുകൂടി കൂടി എത്തിച്ചേരുമെന്ന് പ്രതീക്ഷിക്കുന്നു.

ത്രീ ഫേസ് മീറ്ററുകളിൽ ആദ്യത്തെ അലോട്ട്മെന്റ് ആയി 9000 മീറ്ററുകൾ ഈ മാസം അവസാനത്തോടുകൂടി കെ.എസ്.ഇ.ബി-യുടെ TMR യൂണിറ്റുകളിൽ എത്തിച്ചേരുന്നതാണ്. കൂടാതെ 6300 എണ്ണം ത്രീ ഫേസ് മീറ്ററുകൾ അടുത്ത മാസം അവസാനത്തോടെ സെക്ഷൻ ഓഫീസുകളിൽ എത്തിച്ചേരുന്നതാണ്. ബാക്കി 5700 ത്രീ ഫേസ് മീറ്ററുകൾ ഘട്ടംഘട്ടമായി ലഭ്യമാക്കുന്നതാണ്.

(ബി) കെ.എസ്.ഇ.ബിയിൽ നിന്ന് മീറ്റർ ലഭിക്കാൻ കാലതാമസം നേരിടുന്ന സാഹചര്യത്തിൽ, ഉപഭോക്താക്കൾക്ക് അംഗീകൃത കമ്പനികളുടെ ടെസ്റ്റ് ചെയ്ത മീറ്ററുകൾ വിപണിയിൽ നിന്ന് നേരിട്ട് വാങ്ങി സ്ഥാപിക്കാൻ നിലവിൽ അനുമതിയുണ്ടോ?

മറുപടി: ഉണ്ട്.

സെക്ഷൻ ഓഫീസർ